**അവലോകനം**

മി. സ്പീക്കർ: പതിനാലാം കേരളനിയമസഭയുടെ ഒരു ദിവസം മാത്രം നീണ്ടുനിന്ന ഇരുപതാം സമ്മേളനം ഇവിടെ അവസാനിക്കുകയാണ്. കോവിഡ്-19 എന്ന മഹാവ്യാധി നമ്മുടെ നാട്ടിലുയർത്തിയിരിക്കുന്ന അനിതരസാധാരണമായ അവസ്ഥാവിശേഷത്തിൽ ഏറെ ക്ലേശകരമായ സാഹചര്യത്തിലാണ് ഈ സമ്മേളനം ചേരാനിടയായത്. നിയമനിർമ്മാണ സഭകൾ ആറ് മാസത്തിലൊരിക്കലെങ്കിലും സമ്മേളിച്ചിരിക്കണമെന്ന ഭരണഘടനാ വ്യവസ്ഥ പാലിക്കുന്നതോടൊപ്പം 2020-21 വർഷത്തെ വാർഷിക ബജറ്റുമായി ബന്ധപ്പെട്ടുള്ള നിയമനിർമ്മാണമായ 2020-ലെ കേരള ധനകാര്യ ബില്ലുകൾ ചർച്ച കൂടാതെ പാസ്സാക്കുന്നതിനും നടപ്പു വർഷത്തേക്കുള്ള ഉപധനാഭ്യർത്ഥന പാസ്സാക്കുന്നതിനും അനുസംബന്ധിച്ച ധനവിനിയോഗ ബിൽ പാസ്സാക്കുന്നതിനും നാം ഈ സമ്മേളനത്തിൽ സമയം കണ്ടെത്തുകയുണ്ടായി. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം സ്വകാര്യവൽക്കരിക്കുവാനുള്ള കേന്ദ്ര സർക്കാർ നീക്കത്തിനെതിരെ ചട്ടം 118 പ്രകാരമുള്ള ഒരു പ്രമേയവും സഭ പാസ്സാക്കുകയുണ്ടായി. ശ്രീ. പിണറായി വിജയൻ സർക്കാരിനെതിരെ

ശ്രീ. വി.ഡി. സതീശൻ നോട്ടീസ് നൽകിയ അവിശ്വാസ പ്രമേയത്തിന്മേൽ സഭ ദീർഘമായ ചർച്ച നടത്തി. കേരളത്തിൽ നിന്നുള്ള ഒരു അംഗം രാജ്യസഭാംഗത്വം ഒഴിഞ്ഞതിനെത്തുടർന്ന് വേണ്ടിവന്ന ഉപതെരഞ്ഞെടുപ്പ് ഇന്ന് സഭാസമ്മേളനത്തോടൊപ്പം നടന്നു. അസാധാരണമായ സാഹചര്യത്തിൽ ചേർന്ന ഈ സമ്മേളനത്തിനുവേണ്ടി ഒട്ടേറെ ക്രമീകരണങ്ങൾ സഭയ്ക്ക് അകത്തും പുറത്തും ഏർപ്പെടുത്തുകയുണ്ടായെങ്കിലും അവ പൂർണ്ണമായിരുന്നുവെന്ന് കരുതുന്നില്ല. എന്നിരുന്നാലും അവയുമായി സഹകരിക്കാൻ എല്ലാ ബഹുമാനപ്പെട്ട മന്ത്രിമാരും അംഗങ്ങളും തയ്യാറായതിൽ ചെയറിനുള്ള നന്ദി അറിയിക്കുന്നു. പ്രതികൂല സാഹചര്യത്തിലും ഈയൊരു ദിവസത്തെ സമ്മേളനം സമയബന്ധിതമായി നടപടികൾ പൂർത്തിയാക്കി പിരിയാൻ സഹകരിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, അംഗങ്ങൾ എന്നിവരോട് ചെയർ നന്ദി അറിയിക്കുന്നു. കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നതിനും പ്രത്യേക പരിശോധനകൾ ഏർപ്പെടുത്തുന്നതിനുംവേണ്ടി കഴിഞ്ഞ കുറേ ദിവസങ്ങളായി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ആരോഗ്യ വകുപ്പിലെ എല്ലാ പ്രവർത്തകരോടുമുള്ള നന്ദിയും അറിയിക്കുന്നു. ഇരുപതാം

സമ്മേളനം വിജയിപ്പിക്കുന്ന കാര്യത്തിൽ സഹകരിച്ചു പ്രവർത്തിച്ച എല്ലാ വകുപ്പ് ഉദ്യോഗസ്ഥർക്കും നിയമസഭാ സെക്രട്ടേറിയറ്റ് ജീവനക്കാർക്കും ചെയർ നന്ദി രേഖപ്പെടുത്തുന്നു. സമ്മേളനവുമായി സഹകരിച്ച പത്ര ദൃശ്യ മാധ്യമപ്രവർത്തകർക്കും നന്ദി രേഖപ്പെടുത്തുന്നു. കോവിഡ്-19 പ്രതിസന്ധി നിലനിൽക്കുന്ന സാഹചര്യമാണെങ്കിലും എല്ലാവർക്കും ഊഷ്മളമായ ഓണാശംസകൾ നേരുന്നു.

ഓർഡർ... ഓർഡർ...സഭ അനിശ്ചിതകാലത്തേക്ക് പിരിയുന്നു.

(ദേശീയഗാനാലാപനത്തോടെ രാത്രി 9.27-ന് സഭ അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു.)